LIBRARY ARCHIVES Kerala Legislative Assembly

ഹീമോഫീലിയ രോഗബാധിതരുടെ ചികിത്സ

74 (766) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം മെഡിക്കൽ കോളേജിൽ ഹീമോഫീലിയ രോഗബാധിതരുടെ ചികിത്സയ്ക്കായി പ്രത്യേക വിഭാഗമോ വിദഗ്ധ ഡോക്ടർമാരോ ഉണ്ടെങ്കിൽ എത്ര ഡോക്ടർമാരെയാണ് ഇവിടെ നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ഹീമോഫീലിയ രോഗബാധിതരുടെഎണ്ണം വർദ്ധിച്ചു വരുന്നതിനനുസരിച്ച് കൂടുതൽ ഡോക്ടർമാരെ ഈ രംഗത്ത് നിയമിക്കുമോ എന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കോട്ടയം മെഡിക്കൽ കോളേജിൽ ഹീമോഫീലിയ രോഗികൾക്ക്, മെഡിസിൻ, പീഡിയാട്രിക്സ് വിഭാഗങ്ങളിലായി വിദഗ്ധ ചികിത്സ ലഭ്യമാണ്. ഈ രോഗികളെ അത്യാവശ്യഘട്ടത്തിൽ ഈ വിഭാഗങ്ങളിൽ കിടത്തി ചികിത്സിക്കാറുണ്ട്. ഹീമോഫീലിയ ക്ലിനിക് എല്ലാ രണ്ടാം ശനിയാഴ്ചയും നടത്തിവരുന്നു. മെഡിസിൻ വിഭാഗത്തിലെ ഒരു അഡീഷണൽ പ്രൊഫസറും ഒരു അസ്സോസിയേറ്റ് പ്രൊഫസറും പീഡിയാട്രിക്സ് വിഭാഗത്തിൽനിന്നും ഒരു അസ്സോസിയേറ്റ് പ്രൊഫസറും ഈ ക്ലിനിക്കിൽ ചികിത്സ നടത്തുന്നു. ഈ ഡോക്ടർമാർക്ക് ഹീമോഫീലിയ ചികിത്സയിൽ വിദഗ്ധ പരിശീലനം ലഭിച്ചിട്ടുണ്ട്. ഹീമോഫീലിയ രോഗികൾക്ക് ഒരു പ്രത്യേക വാർഡിനായി നടപടി സ്വീകരിച്ചുവരുന്നു. ഹീമോഫീലിയ ചികിത്സയ്ക്ക് വേണ്ട ഫാക്ടർ 8, 9 മരുന്നുകൾ കാരുണ്യ ചികിത്സാ സഹായ പദ്ധതിയിലൂടെ 24 മണിക്കൂറും ലഭ്യമാണ്.

മെഡിക്കൽ കോർപ്പറേഷനെ ഒഴിവാക്കി വാങ്ങിയ മരുന്നുകൾ

75 (767) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ കൂടിയല്ലാതെ മരുന്നുവാങ്ങിയിട്ടുണ്ടോ ;

(ബി) എങ്കിൽ അപ്രകാരം മരുന്ന് വാങ്ങുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങളുടെ വിശദവിവരം നൽകുമോ ;